**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 635** **13.01.2021-ൽ മറുപടിക്ക്**

**ഞാറക്കൽ 110 കെ. വി. സബ്സ്റ്റേഷന്റെ പുരോഗതി**

| | ചോദ്യം<br><br>ശ്രീ. എസ്. ശർമ്മ | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഞാറക്കൽ 110 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | 110 കെ.വി ചെറായി ഞാറക്കൽ ലൈനിന്റെ ദർഘാസ് നടപടികൾ പുരോഗതിയിലാണ്. സ്വിച്ച് യാർഡ് നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികളായ സ്ഥലം ഒരുക്കൽ പൂർത്തിയായിട്ടുണ്ട്. |
| (ബി) | നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | ലൈനിന്റെ നിർമ്മാണം ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുടങ്ങുന്നതായിരിക്കും. ലൈനിന്റെ നിർമ്മാണ പുരോഗതി അനുസരിച്ച് സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുന്നതായിരിക്കും. |
| (സി) | പ്രവൃത്തി തുടങ്ങുന്നതിലുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാ ക്കാമോ; | (സി) | നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. |
| (ഡി) | പ്രവൃത്തി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വിശദമാക്കാമോ? | (ഡി) | 2022 ഡിസംബർ മാസത്തോടുകൂടി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ